പതിനാലാം കേരള നിയമസഭ

19-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1177 05.03.2020-ൽ മറുപടിക്ക്

റിവർ മാനേജ്മെന്റ് ഫണ്ട് പ്രവൃത്തികൾ

ചോദ്യം — ഉത്തരം

ശ്രീ.സി. ദിവാകരൻ

ശ്രീ. ഇ. ചന്ദ്രശേഖരൻ
(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തിരുവനന്തപുരം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തിരുവനന്തപുരം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നുള്ള തുക ഉപയോഗിച്ച് നിർവ്വഹിച്ചിട്ടുള്ള പ്രവർത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| Sl. No. | Name of Work | Amount in lakhs | Government Order |
|---|---|---|---|
| 1 | Reconstruction of right side wall in Thopputhodu near Chullamukku, Thamalam, Karamana West, Thiruvananthapuram Corporation | 15.85 | G.O(Ms).404/2017/RD dated 28/11/ 2017 |
| 2 | Rs.5,00,000/- has been allotted to the Director of ILDM for Phase II River Bank Mapping & Sand Auditing as part of the River Bank Development Plan in Thiruvananthapuram District. | 5.0 | Govt. Letter. No. 1604/P3/17/RD Dated..08/02/2017 |
| 3 | Rs.1,23,956/- has been allotted to the River Management Center for river bank protection activities at the ILDM Center at Thiruvananthapuram. | 1.24 | G.O(Ms).271/2018/RD dated 31/07/ 2018 |
| 4 | Rs.4,06,400/- has been allotted to the Director of ILDM for conducting awareness work on the protection of the Vamanapuram river using the NSS Units of colleges of Kerala Universities. | 4.064 | G.O(Rt). 3860/ 2018/RD dated 18/09/2018 |

| | | | |
|---|---|---|---|
| 5 | Construction of side wall of Attaramoola - Manali Thodu in Kottukal Panchayath, Neyyattinkara Taluk | 4.3 | G.O(Rt). 2657/ 2019/REV dated 18/09/2018 |

ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ/കത്തിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ടെന്നും ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നുള്ള തുക ഉപയോഗിച്ച് നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ പ്രവർത്തികളൊന്നും ലഭിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**

GOVERNMENT OF KERALA

**Abstract**

Revenue Department - River Management Fund - River bank Protection Works in Malappuram, Palakkad and Thiruvananthapuram Districts - Administrative Sanction Accorded - Orders issued.

**REVENUE (P) DEPARTMENT**

GO(Ms) No.404/2017/RD Dated, Thiruvananthapuram, 28.11.2017

Read: 1. Letter Nos. DM4-8688/2016 dated 04.02.2016, DM4- 12134/2016 and DM4- 12152/2016 dated 15.02.2016 from the District Collector, Malappuram.

2. Letter No.H3-41519/2014 dated March 2017 from the District Collector, Thiruvananthapuram.

3. Letter No.LRG-10 -2012/35207/9 dated 11.07.2017 from the District Collector, Palakkad.

4. Minutes of the State High Level Committee Meeting held on 3.11.2017.

**ORDER**

The State High Level Committee constituted to scrutinize the proposals of works to be implemented under the River Management Fund met on 30.11.2017 and considered the proposals received from the District Collectors of Malappuram, Palakkad, Thiruvananthapuram and Thrissur with the recommendation of the District Level Expert Committee. After detailed examination, the Committee recommended Government to issue Administrative Sanction for the following 8 River protection works in Malappuram, Palakkad and Thiruvananthapuram Districts.

| SL No. | Name of the Project | Estimate Amount(in Lakhs) |
|---|---|---|
| 1 | Construction of side protection wall for right bank of Olipuzha at upstream of Mampatta bridge in Karuvarakkundu Panchayath in Malappuram District. | 45.5 |
| 2 | Protecting the left bank of Kadalundi river near Panampattakadavu at Padinjattumuri in Koottilanghadi Panchayath in Malappuram District. | 16.4 |
| 3 | Protecting the River bank at Chaliyar river near the Areacode bridge, downstream of Mukkam Kadavu, at Kizhuparamb Grama Panchayath in Malappuram District. | 15.8 |

| | | |
|---|---|---|
| 4 | Urgent remedial work to the eroded portion of the right bank of Anchumoorthy check dam in Kannadi puzha near Chandrasekharapuram gramam at Edathara in Parali Panchayat in Palakkad District | **40** |
| 5 | Side protection works to upstream left side of chooriyode river at Kundukandam in Karakurussi Grama Panchayat in Palakkad District. | **13** |
| 6 | Side protection work to left bank of Bharathapuzha near Njangattiri at U/S Pattambi Bridge in Thrithala Panchayath in Palakkad District - Phase 3 | **11.7** |
| 7 | Side protection work to left bank of Bharathapuzha near Njangattiri at U/S Pattambi Bridge in Thrithala Panchayath in Palakkad District - Phase 4 | **10.55** |
| 8 | Reconstruction of right side wall in Thoppu thodu near Chullamukku, Thamalam, Karamana West, Thiruvananthapuram Corporation in Thiruvananthapuram District. | **15.85** |

2. Having examined the matter in detail Government are pleased to accord administrative sanction for the above project proposals at the estimated cost noted against each work . The implementation of the works vests with the concerned District Collectors. The District Collectors will periodically inspect the works and ensure that they are done aesthetically and all the conditions stipulated in Rule 19 & 20 of Kerala Protection of River Banks and Regulation of Removal of Sand Rules is observed scrupulously.

3. The expenditure on this account will be met from River Management Fund maintained by the concerned District Collectors. The work should be completed within one year from the date of this order.

By order of the Governor
**P.H KURIAN**
Additional Chief Secretary to Government

To

The District Collectors of Malappuram, Palakkad and Thiruvananthapuram.
The Commissioner for Land Revenue, Thiruvananthapuram.
The Principal Accountant General (Audit), Kerala, Thiruvananthapuram
The Accountant General (A & E), Kerala, Thiruvananthapuram
The Web and New Media Division in I & PRD.
SF / O.C.

Forwarded/By Order

Section Officer

Copy to:- P.A. to Additional Chief Secretary (Revenue).
C.A. to Additional Secretary II (Revenue).

കേരള സർക്കാർ

നം.1604/പി3/17/റവന്യൂ

റവന്യൂ(പി) വകുപ്പ്,
തിരുവനന്തപുരം, 08.02.2017

ഗവ.പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ,
തിരുവനന്തപുരം.

കോ-ഓർഡിനേറ്റർ
റിവർ മാനേജ്മെന്റ് സെൽ
ILDM -ന് സമീപം
പി.റ്റി.പി നഗർ പി.ഒ
തിരുവനന്തപുരം.

സർ,

വിഷയം: - റവന്യൂ വകുപ്പ് - സംസ്ഥാനത്തെ നദികളിൽ സാന്റ് ഓഡിറ്റിംഗും റിവർ ബാങ്ക് മാപ്പിംഗും നടത്തുന്നത് - സംബന്ധിച്ച് .

സൂചന: - റിവർ മാനേജ്മെന്റ് സെൽ കോ-ഓർഡിനേറ്ററുടെ 05.01.2017-ലെ സമർപ്പണം.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്തെ റിവർ ബാങ്ക് മാപ്പിംഗും സാന്റ് ഓഡിറ്റിംഗും നടത്തേണ്ട 15 നദികളിലേയും, റിവർ ബാങ്ക് മാപ്പിംഗ് മാത്രം നടത്തേണ്ട 14 നദികളിലേയും പ്രസ്തുത പ്രവൃത്തികൾ 2017 മാർച്ച് -മേയ് മാസങ്ങളിൽ ആരംഭിച്ച് പൂർത്തിയാക്കുന്നതിന് സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് റിവർ മാനേജ്മെന്റ് സെൽ കോ-ഓർഡിനേറ്റർ സൂചന പ്രകാരം നിർദ്ദേശം സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. സാന്റ് ഓഡിറ്റിംഗിനും, റിവർ ബാങ്ക് മാപ്പിംഗിനും ആവശ്യമായ തുക ബന്ധപ്പെട്ട ജില്ലകളിലെ RMF- ൽ നിന്നും ചിലവിടാവുന്നതാണ്. പ്രാരംഭ ഘട്ടത്തിലെ ഇതുമായി ബന്ധപ്പെട്ട ചിലവ് നേരിടുന്നതിനുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും അപ്രകാരം പ്രാരംഭഘട്ടത്തിൽ വരുന്ന ചിലവ് തിരുവനന്തപുരം ജില്ലയിലെ RMF- ൽ നിന്നും ചിലവിടാവുന്നതും ആവശ്യമെങ്കിൽ പിന്നീട് സൈറ്റിൽ ചെയ്യാവുന്നതുമാണ്. അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ച് കേരളത്തിലെ നദികളുടെ സാന്റ് ഓഡിറ്റിംഗും റിവർ ബാങ്ക് മാപ്പിംഗും സമയബന്ധിതമായി തീർപ്പാക്കുന്നതിന് വേണ്ട അടിയന്തരനടപടികൾ സ്വീകരിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ
**ജെ. ബെൻസി**
അഡീഷണൽ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ

sd-

സെക്ഷൻ ഓഫീസർ

പകർപ്പ് : ജില്ലാ കളക്ടർ,
തിരുവനന്തപുരം.

**കേരള സർക്കാർ**

സംഗ്രഹം

റവന്യൂ വകുപ്പ് - കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങൾ , 2002 - റിവർ മാനേജ്മെന്റ് സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി റിവർ മാനേജ്മെന്റ് ഫണ്ട് വിഹിതം വർധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

റവന്യൂ (പി) വകുപ്പ്

സ.ഉ.( എം.എസ്) നം. 271/2018/റവന്യൂ. തിരുവനന്തപുരം, തീയതി, 31.07.2018

---

പരാമർശം : 1) G.O (Ms) No.161/12/റവ തീയതി 21.04.2012

2) G.O (Ms) No.351/17/റവ തീയതി 21.10.2017.

3) ILDM ഡയറക്ടറുടെ 28.05.2018-ലെ ILDM/326/2017 A1 നമ്പർ കത്ത്.

4) 22.06.2018-ാം തീയതിയിലെ സ്റ്റേറ്റ് ഹൈ ലെവൽ കമ്മിറ്റി മീറ്റിംഗിന്റെ മിനിട്സ്.

**<u>ഉത്തരവ്</u>**

പരാമർശം (1) ഉത്തരവ് പ്രകാരം കേരളത്തിലെ നദികളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി റിവർ മാനേജ്മെന്റ് സെൽ എന്ന സ്ഥാപനം രൂപീകരിച്ചു. നിലവിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് & ഡിസാസ്റ്റർ മാനേജ്മെന്റ് - ന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന റിവർ മാനേജ്മെന്റ് സെല്ലിനെ ശക്തിപ്പെടുത്തി റിവർ മാനേജ്മെന്റ് സെന്ററാക്കി പുനർ നാമകരണം ചെയ്തുകൊണ്ടും , എല്ലാ ജില്ലകളിലും RMF-ൽ ലഭ്യമായ ഫണ്ടിന്റെ 0.5 % ഓരോ വർഷവും റിവർ മാനേജ്മെന്റ് സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി നീക്കി വെച്ചുകൊണ്ടും പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. ILDM ഡയറക്ടർ പരാമർശം (3) പ്രകാരം റിവർ മാനേജ്മെന്റ് സെല്ലിനെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ ശുപാർശകൾ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. 22.06.2018-ാം തീയതിയിൽ നടന്ന സ്റ്റേറ്റ് ഹൈലെവൽ കമ്മിറ്റി യോഗത്തിൽ എല്ലാ ജില്ലകളിൽ നിന്നും ഓരോ വർഷവും റിവർ മാനേജ്മെന്റ് സെന്ററിന് നൽകേണ്ട വിഹിതം 0.5 % നിന്നും 1% ആയി വർദ്ധിപ്പിക്കുവാനും ,റിവർ മാനേജ്മെന്റ് സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി ILDM ഡയറക്ടറുടെ നിയന്ത്രണത്തിൽ ഒരു കോർപ്പസ് ഫണ്ട് രൂപീകരിക്കുന്നതിനും പരാമർശം (4) പ്രകാരം തീരുമാനിച്ചു. ILDM -ലെ റിവർ മാനേജ്മെന്റ് സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിരുന്ന 0.5% തുക ജില്ലകളിലെ RMF-ൽ നിന്നും നാളിതു വരെ കൈമാറ്റം ചെയ്തിട്ടില്ലാത്ത ജില്ലകൾ പ്രസ്തുത ഫണ്ട് അടിയന്തിരമായി ILDM-ലേക്ക് ട്രാൻസ്ഫർ ചെയ്യുവാൻ ലാന്റ് റവന്യൂ കമ്മീഷണർ നിർദ്ദേശം നൽകേണ്ടതാണ് എന്നും തീരുമാനിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . റിവർ മാനേജ്മെന്റ് സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി എല്ലാ ജില്ലകളിൽ നിന്നും ഓരോ വർഷം റിവർ മാനേജ്മെന്റ് സെന്ററിന് നൽകേണ്ട വിഹിതം 0.5 % നിന്നും 1% ആയി വർദ്ധിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ജില്ലാ

കളക്ടർമാർ പ്രസ്തുത തുക ILDM ഡയറക്ടറുടെ നിയന്ത്രണത്തിൽ രൂപീകരിക്കുന്ന കോർപ്പസ് നിക്ഷേപിക്കേണ്ടതാണ് .

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**ജെ ബെൻസി**
**അഡീഷണൽ സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ , ILDM, പി.റ്റി.പി നഗർ പി.ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (A & E), കേരള, തിരുവനന്തപുരം.
ഐ & പി. ആർ. ഡി വകുപ്പ് - (വിപുലമായ പ്രചാരണത്തിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് : റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

കേരള സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലെ NSS ശാഖകളെ നദീ തീര സംരക്ഷണ പ്രവർത്തങ്ങൾക്കായി വിനിയോഗിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**റവന്യൂ(പി) വകുപ്പ്**

സ ഉ (സാ.ധാ.)നം.3860/2018/റവ തിരുവനന്തപുരം, തിയതി: 18.09.2018

---

പരാമർശം : 1. 08.11.2017-ലെ കേരള സർവ്വകലാശാലയുടെ NSS/KU/1/2017 നമ്പർ കത്ത്.

2. 16.02.18, 23.07.2018 എന്നീ തീയതിയിലെ ഐ എൽ ഡി എം , ഡയറക്ടറുടെ ഐ എൽ ഡി എം/155(/2017 /E1 നമ്പർ കത്ത്.

3. 29.05.2018- ലെ സംസ്ഥാന ഉന്നതതല സമിതി യോഗനടപടിക്കുറിപ്പ്.

4. 22.06.2018- ലെ സംസ്ഥാന ഉന്നതതല സമിതി യോഗനടപടിക്കുറിപ്പ്.

**ഉത്തരവ്**

കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളിലെ NSS യൂണിറ്റുകളെ കൊണ്ട് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ നദികളെ പുനരുദ്ധരിക്കുന്നതിനായി പരാമർശം(1) പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ സംസ്ഥാന ഉന്നതതല സമിതി പരിഗണിച്ചു. ആദ്യഘട്ടമായി തിരുവനന്തപുരം ജില്ലയിലെ വാമനപുരം നദിയും, കൊല്ലം ജില്ലയിലെ കല്ലട നദിയും പുനരുദ്ധരിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ILDM ഡയറക്ടറുടെ നിയന്ത്രണത്തിൽ ആരംഭിക്കാവുന്നതാണെന്നും അതിന്റെ വിജയം വിലയിരുത്തി ബാക്കി നദികളുടെ പ്രോജക്ട് അംഗീകരിക്കാവുന്നതാണെന്നും പരാമർശം (3) പ്രകാരം തീരുമാനിച്ചു.

2. പരാമർശം (4) പ്രകാരം കേരള സർവ്വകലാശാലയ്ക്ക് കീഴിലെ കോളേജുകളിലെ NSS ശാഖകളെ നിയോഗിച്ച് കൊണ്ട് തിരുവനന്തപുരം ജില്ലയിലെ വാമനപുരം, കൊല്ലം ജില്ലയിലെ കല്ലട എന്നീ നദികളുടെ സംരക്ഷണ ബോധവൽക്കരണ പ്രവർത്തനം നടത്തുന്നതിന് തിരുവനന്തപുരം ജില്ലയിലെ RMF-ൽ നിന്നും 4,06,400/- രൂപയും , കൊല്ലം

ജില്ലയിലെ RMF ൽ നിന്നും 2,85,650/- രൂപയും അനുവദിക്കുവാൻ തീരു... പ്രോഗ്രാം ഓഫീസർ ILDM ഡയറക്ടറുമായി എഗ്രിമെന്റ് ഒപ്പ് വെച്ച് പ്രാവർത്തി... നിർദ്ദേശങ്ങൾ പ്രകാരം പദ്ധതി നടപ്പിലാക്കേണ്ടതാണ് എന്നും സംസ്ഥാന ഉന്നത... സമിതി നിഷ്കർഷിച്ചു. ഇതിനുള്ള നിബന്ധനകൾ പരാമർശം (2) പ്രകാരം ILDM ഡയറക്ട... ലഭ്യമാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സർവ്വകലാശാലയ്ക്ക് കീഴിലെ കോളേജുകളിലെ NSS ശാഖകളെ നിയോഗിച്ച് കൊണ്ട് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി തിരുവനന്തപുരം ജില്ലയിലെ വാമനപുരം, കൊല്ലം ജില്ലയിലെ കല്ലട എന്നീ നദികളുടെ സംരക്ഷണ ജൈവവൽക്കരണ പ്രവർത്തനം നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ഇതിനായി തിരുവനന്തപുരം ജില്ലയിലെ RMF-ൽ നിന്നും 4,06,400/- (നാല് ലക്ഷത്തി ആറായിരത്തി നാനൂറ്) രൂപയും , കൊല്ലം ജില്ലയിലെ RMF-ൽ നിന്നും 2,85,650/-(രണ്ട് ലക്ഷത്തി എൺപത്തയ്യായിരത്തി അറുന്നൂറ്റിയമ്പത്) രൂപയും അനുവദിച്ച് കൊണ്ടും ഉത്തരവാകുന്നു.

1. എൻ.എസ്.എസ് പ്രോഗ്രാം കോ-ഓഡിനേറ്ററും ഐ.എൽ.ഡി.എം ഡയറക്ടറുമായി ചേർന്ന് ഒപ്പു വയ്ക്കുന്ന കരാറിന്റെ അടിസ്ഥാനത്തിലും , ആർ.എം.സി നൽകുന്ന പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരവും ആയിരിക്കണം പദ്ധതി പ്രവർത്തനം നടപ്പിലാക്കേണ്ടത്.

2. തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിലെ ആർ.എം.എഫിൽ നിന്നും ടി പ്രവർത്തനങ്ങൾക്ക് സർക്കാർ അനുവദിച്ചിട്ടുള്ള തുകകൾ സർക്കാർ ഉത്തരവിനെ തുടർന്ന് 10 ദിവസത്തിനുള്ളിൽ ഐ.എൽ.ഡി.എം -ന്റെ ആർ.എം.എഫ് അക്കൗണ്ടിലേക്ക് തിരുവനന്തപുരം, കൊല്ലം കളക്ടർമാർ ട്രാൻസ്ഫർ ചെയ്യേണ്ടതാണ്.

3. പ്രൊപ്പോസൽ പ്രകാരമുള്ള പ്രവൃത്തിയുടെ പുരോഗതി വിവിധ ഘട്ടങ്ങളിൽ വിലയിരുത്തി ഐ.എൽ.ഡി.എം ഡയറക്ടർ എൻ.എസ്.എസ് പ്രോഗ്രാം കോ-ഓർഡിനേറ്റർക്ക് ഗഡുക്കളായി തുക അനുവദിക്കേണ്ടതാണ്.

4. നദീതീര പരിപാലനത്തിനുള്ള വൃക്ഷതൈകൾ വച്ചു പിടിപ്പിക്കുന്നതിനായുള്ള നദീ പുറമ്പോക്ക് റിവർ ബാങ്ക് മാപ്പിംഗ് റിപ്പോർട്ടിന്റെയും റവന്യൂ, പഞ്ചായത്ത് അധികാരികളുടെയും സഹായത്തോടെ കണ്ടെത്തേണ്ടതാണ്.

5. നട്ടു പിടിപ്പിച്ച വൃക്ഷതൈകളുടെ പരിപാലനം തദ്ദേശിയ സർക്കാർ/അർദ്ധ സർക്കാർ/സഹകരണ/സന്നദ്ധ സ്ഥാപനങ്ങളുടെ സഹായത്തോടെ അതാത് എൻ.എസ്.എസ് കോളേജ് യൂണിറ്റുകൾ ഉറപ്പാക്കേണ്ടതാണ്.

6. ഓരോ മൂന്നു മാസ ഇടവേളകളിലും നട്ടു പിടിപ്പിച്ച വൃക്ഷതൈകളുടെ പരിപാലന പുരോഗതി സംബന്ധിച്ച പരിശോധനാ റിപ്പോർട്ട് ഐ.എൽ.ഡി.എം ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും ഇതിന് വീഴ്ച വരുത്തുന്നത് തുടർ പ്രവർത്തനങ്ങളിൽ നിന്നും ഒഴിവാക്കുന്നതിനുള്ള കാരണമായി കണക്കാക്കപ്പെടുന്നതുമാണ്. മികച്ച പരിപാലന പ്രവർത്തനം നടത്തുന്ന എൻ.എസ്.എസ് യൂണിറ്റുകൾക്ക് അവാർഡ്/ എൻഡോവ്മെന്റ് എന്നിവ വർഷാവർഷം ഏർപ്പെടുത്തേണ്ടതാണ്.

7. നദീ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന എൻ.എസ്.എസ് യൂണിറ്റുകൾ സമയവും സ്ഥലവും മുൻകൂട്ടി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെ അറിയിച്ചിരിക്കേണ്ടതും, ആവശ്യമുള്ള ഘട്ടങ്ങളിൽ അവരുടെ സേവനം ഉറപ്പാക്കേണ്ടതുമാണ്.

8. പദ്ധതി പൂർത്തയാക്കുന്നതിനെ തുടർന്ന് ഓരോ നദികളിലേയും പരിപാലന പ്രവർത്തനങ്ങൾ സംബന്ധിച്ച സമഗ്ര റിപ്രോർട്ട് കേരള യൂണിവേഴ്സിറ്റി എൻ.എസ്.എസ് കോ-ഓർഡിനേറ്ററുടെ ചുമതലയിൽ ഐ.എൽ.ഡി.എം ഡയറക്ടർ മുഖേന സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**ജെ ബെൻസി**
അഡീഷണൽ **സെക്രട്ടറി**

ലാൻഡ് റവന്യൂ കമ്മിഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കൊല്ലം.
ഡയറക്ടർ, ഐ.എൽ.ഡി.എം, PTP നഗർ, PTP നഗർ പി ഒ തിരുവനന്തപുരം -38.
പ്രോഗ്രാം കോ-ഓർഡിനേറ്റർ, National Service Scheme, കേരള സർവ്വകലാശാല, തിരുവനന്തപുരം -695 034
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (A & E), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ–
മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ പഞ്ചായത്തിലെ ആട്ടറാമൂല മണലി തോടിന്റെ സംരക്ഷണ ഭിത്തി നിർമ്മാണം –ഭരണാനുമതി നൽകി – ഉത്തരവാകുന്നു.

---

റവന്യൂ (പി) വകുപ്പ്

സ.ഉ.(സാധാ) നം.2657/2019/റവ. തീയതി,തിരുവനന്തപുരം, 25/09/2019

---

പരാമർശം:– 1 24.06.2019–ലെ തിരുവനന്തപുരം ജില്ലാ കളക്ടറുടെ H2-E/156871/18 നമ്പർ കത്ത്.

2 08.08.2019–ൽ ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതി യോഗത്തിന്റെ നടപടിക്കുറിപ്പ്.

<u>ഉത്തരവ്</u>

തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ പഞ്ചായത്തിലെ ആട്ടറാമൂല മണലി തോടിന്റെ അറുപതു മീറ്ററോളം ഭാഗത്തു സംരക്ഷണ ഭിത്തി ഇല്ലാത്തതിനാൽ കരയിടിഞ്ഞു നാശനഷ്ടം ഉണ്ടാകുന്നുവെന്നും, ടി ഭാഗത്തു സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവാദം നൽകണമെന്നും, പരാമർശം (1) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തിയ്ക്കായി ₹4,30,000/– രൂപയുടെ (നാല്പ ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

2. പരാമർശം (2) പ്രകാരം 08.08.2019–ൽ ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതി യോഗത്തിൽ ടി വിഷയം ചർച്ച ചെയ്യുകയും ടി പ്രവൃത്തി അംഗീകരിക്കുകയും ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ പഞ്ചായത്തിലെ ആട്ടറാമൂല മണലി തോടിന്റെ അറുപതു മീറ്ററോളം ഭാഗത്തു സംരക്ഷണ ഭിത്തി ഇല്ലാത്തതിനാൽ കരയിടിഞ്ഞു നാശനഷ്ടം ഉണ്ടാകുന്നതു തടയുവാൻ റിവർ മാനേജ്മെന്റ്

[redacted] [redacted] [redacted]

**File No.REV-P3/121/2019-REV**

ഫണ്ടിൽ ഉൾപ്പെടുത്തി ടി ഭാഗത്തു സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനു ₹4,30,000/- രൂപയ്ക്ക് (നാലു ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) ഭരണാനുമതി നൽകി ഉത്തരവാകുന്നു.

4. മേൽ പ്രവൃത്തി നടത്തുന്നതിന് ആവശ്യമായ തുക തിരുവനന്തപുരം ജില്ലാ കളക്ടറുടെ റിവർ മാനേജ്മെന്റ് ഫണ്ട് അക്കൗണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബെൻസി.ജെ**
അഡീഷണല് സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (A & E), കേരള, തിരുവനന്തപുരം

ഐ & പി. ആർ. ഡി വകുപ്പ് - (വിപുലമായ പ്രചാരണത്തിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ